പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2918 20.12.2012-ൽ മറുപടിക്ക്.

## എയ്ഡഡ് സെക്കന്ററി സ്കൂൾ പ്രധാനാധ്യാപകരുടെ ടൂർ ടി. എ. കുടിശ്ശിക

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.ബി. അബ്ദുൾ റസാക് : | ശ്രീ.പി.കെ.അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാന എയ്ഡഡ് സെക്കന്ററി സ്കൂൾ പ്രധാനാധ്യാപകർക്ക് ടൂർ ടി.എ. കുടിശ്ശിക നൽകുന്നതിനായി കഴിഞ്ഞ മൂന്നു വർഷങ്ങളിൽ ഓരോ വർഷവും എന്തു തുക വീതം അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാന എയ്ഡഡ് സെക്കന്ററി സ്കൂൾ പ്രധാനാധ്യാപകർ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് ടൂർ ടി.എ. കുടിശ്ശിക നൽകുന്നതിനായി കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ അനുവദിച്ച തുക താഴെ പറയും പ്രകാരമാണ്.<br>2009-2010 - = 3,00,000/- രൂപ<br>2010-2011 - = 3,00,000/- രൂപ<br>2011-2012 - = 3,00,000/- രൂപ |
| (ബി) പ്രസ്തുത തുക അതതു വർഷത്തെ ടൂർ ടി.എ നൽകുന്നതിന് പര്യാപ്തമായിരുന്നോയെന്നു വ്യക്തമാക്കുമോ; | (ബി) അനുവദിച്ച തുകയിൽ നിന്നും 2009-10 ൽ 4000/- രൂപയും, 2010-2011 ൽ 24,500/- രൂപയും, 2011-2012-ൽ 1,73,500/- രൂപയും വിവിധ ജില്ലകളിൽ നിന്നും സറണ്ടർ ആയി ലഭിച്ചിട്ടുണ്ട്. എന്നാൽ ചില ജില്ലകൾക്ക് അനുവദിച്ച തുക അപര്യാപ്തവുമായിരുന്നു. |

| | | | |
|---|---|---|---|
| (സി) | ടൂർ ടി.എ. ഇനത്തിൽ അർഹതപ്പെട്ട തുക നൽകാതെ കുടിശ്ശിക ആയിട്ടുണ്ടോ; എങ്കിൽ കുടിശ്ശിക അടിയന്തിരമായി അനുവദിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) | ഉണ്ട് ബജറ്റിൽ വകയിരുത്തുന്ന തുക ടൂർ ടി.എ നൽകുന്നതിന് അപര്യാപ്താമണെങ്കിലും കുടിശ്ശികയുണ്ടാകുമ്പോൾ ധന പുനർ വിനിയോഗമാർഗ്ഗത്തിലൂടെ ടൂർ ടി.എ അനുവദിച്ച് നൽകുന്നതാണ് നടപടി ക്രമം. |

Kumari [signature]
സെക്ഷൻ ഓഫീസർ